**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1600** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാളികേരത്തിന്റെ വിലയിടിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് മൂലം പ്രയാസം അനുഭവിക്കുന്ന കർഷകനെ സഹായിക്കാൻ കൊപ്ര സംഭരണം നടത്താൻ നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൊപ്രയുടെയും പച്ചത്തേങ്ങയുടെയും വില താങ്ങുവിലയിലും താഴെ എത്തി നിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്. നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്തു കർഷകകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് 14.01.2022 ലെ സ.ഉ.(കൈ)നം.3/2022 ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങു വില നൽകി സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/ സി.പി.എഫ്/ സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും, നാളികേര വികസന കോർപറേഷന് 50 ലക്ഷം രൂപയും റിവോൾവിങ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കേണ്ടതാണ്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങു വില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ - സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും 50 നാളികേരം എന്ന കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും / 7.50 കിലോ കൊപ്രയായും കണക്കാക്കുന്നതാണ്. |
| (സി) | നാളികേരത്തിന്റെയും കൊപ്രയുടെയും സംഭരണത്തിനായി ഏത് ഏജൻസിയെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിന്റെ സംഭരണ ചെലവും കൈകാര്യ ചെലവും സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കാമോ; ഗോഡൗണിന്റെ ലഭ്യതയെക്കുറിച്ചുമുള്ള പ്രശ്നങ്ങൾ ഏതു രീതിയിലാണ് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പച്ചത്തേങ്ങ സംഭരണത്തിന് കേരഫെഡിനേയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനേയും നോഡൽ ഏജൻസികളായി തിരഞ്ഞെടുത്തിട്ടുണ്ട്. കൊപ്ര സംഭരണത്തിന് കേരഫെഡും മാർക്കറ്റ്ഫെഡും സ്റ്റേറ്റ് ലെവൽ ഏജൻസികളായി തിരഞ്ഞെടുത്തിട്ടുണ്ട്. പച്ചത്തേങ്ങയിൽ നിന്നും 30% കൊപ്ര ലഭ്യമാകുമെന്ന കണക്കിന്റെ അടിസ്ഥാനത്തിൽ 27% നാളികേരത്തിന്റെ വിലയായും 3% സംഘങ്ങൾക്ക് കൈകാര്യ ചിലവായി നൽകുന്നു. കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട സംഭരണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾക്ക് കൊപ്ര വിലയ്ക്ക് പുറമെ നാഫെഡ് താഴെ വിശദീകരിക്കും പ്രകാരം തുക അനുവദിക്കുന്നുണ്ട്. (Attachment) കൊപ്ര സംഭരിച്ച് സൂക്ഷിക്കുവാൻ |

| | | | |
|---|---|---|---|
| | | | പ്രാപ്തരായ സഹകരണ സ്ഥാപനങ്ങളെയാണ് കൊപ്രാ സംഭരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

| Sl.No | Particulars | Rate |
|---|---|---|
| 1 | Administrative markup | 2% to be shared equally between State level supporter and primary level agency |
| 2 | Handling and loading expenses at procurement centre | Rs.77/- per qtl. |
| 3 | Cost of gunny | Rs.72/- per qtl. Plus GST |
| 4 | Unloading charges including weighment at storage centre | Rs.27.50/- per qtl. |
| 5 | Transportation charge upto 5km | PMT net Rs.256/- |
| | 06-10 km | Rs.256/- plus Rs.3.53 for every km exceeding 5 km |
| | 11-20 km | Rs.274/- plus Rs.5.40 for every km exceeding 10 km |
| | 21-40 km | Rs.328/-plus Rs.4.27 for every km exceeding 20 km |
| | 41-60 km | Rs.413/- plus Rs.5.45 for every km exceeding 40 km |